# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

29-6-2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4622

## വഴി കെട്ടി അടയ്ക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് എന്നിവകളുടെ നടവഴികളും പൊതുവഴികളും കെട്ടി അടയ്ക്കുന്നതിനെതിരെ നടപടി എടുക്കുന്നത് ഏതൊക്കെ വകുപ്പുകളാണ് ; വിശദമാക്കുമോ ; | (എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166 (1) വകുപ്പ് പ്രകാരം റോഡുകൾ സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. 170 (1) വകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള റോഡുകളുടെ സംരക്ഷണവും അതിൽ അതിക്രമിച്ചു കടക്കുന്നത് തടയുന്നതും പഞ്ചായത്തിന്റെ ചുമതലയാണ്. 169 (5) വകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ ഉൾപ്പെടെയുള്ളവ പഞ്ചായത്തിന്റെ അനുവാദമില്ലാതെ കൈവശപ്പെടുത്തുന്നത് നിയമവിരുദ്ധമാണ്. 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ മുപ്പതാം വകുപ്പ് പ്രകാരം റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കേണ്ടത് നഗരസഭയുടെ അനിവാര്യ ചുമതലയാണ്. |

| | |
|---|---|
| (ബി) നടവഴികളും പൊതുവഴികളും കെട്ടി അടയ്ക്കുന്നതിനെതിരെയുള്ള പ്രധാന ഉത്തരവുകൾ ഏതെല്ലാം ? | (ബി) 1996-ലെ കേരള പഞ്ചായത്ത് രാജ് (കൈയ്യേറ്റം ഒഴിപ്പിക്കലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴയീടാക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തുകൾക്കും 1998-ലെ കേരള മുനിസിപ്പാലിറ്റി (അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴയീടാക്കലും) ചട്ടങ്ങൾ പ്രകാരം നഗരസഭകൾക്കും നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനായി പ്രത്യേക ഉത്തരവുകളുടെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ.